**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1931** **22.03.2012 ൽ മറുപടിക്ക്**

**കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി**

**ചോദ്യം**

ശ്രീ. കെ.അച്ചുതൻ:

ശ്രീ. എം.പി.വിൻസെന്റ് :

ശ്രീ.വി.റ്റി.ബൽറാം :

ശ്രീ.പി.സി. വിഷ്ണുനാഥ് :

**മറുപടി**

ശ്രീ. കെ.ബാബു

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ശ്രീ. സാം പിത്രോദയുമായി ചർച്ച നടത്തിയിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) യും ബി) യും | കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് ശ്രീ.സാം പിത്രോദയുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തുകയുണ്ടായി.<br>ന്യൂഡൽഹിയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ ഡയറക്ടർ ചെയർമാനായും ഷിപ്പിംഗ് കോർപ്പറേഷന്റെ ചെയർമാൻ, കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയ പ്രതിനിധി, സംസ്ഥാന തുറമുഖ വകുപ്പ് സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പ്രതിനിധി, കേരള തുറമുഖ ഡയറക്ടർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി കേരളത്തിന്റെ കോസ്റ്റൽ ഷിപ്പിംഗിന്റെ തുടർ നടത്തിപ്പിനെപ്പറ്റി റിപ്പോർട്ട് തയ്യാറാക്കാൻ രൂപീകൃതമായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഏപ്രിൽ ആദ്യവാരം റിപ്പോർട്ട് ശ്രീ. സാം പിത്രോദയ്ക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി വിദഗ്ദ്ധരുടെ ഉപദേശ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | | |
| സി | കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | സി | കോസ്റ്റൽ ഷിപ്പിംഗിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കാനായി ഡിലോയിറ്റിനെ കൺസൾട്ടന്റായി നിയമിക്കുകയും പ്രസ്തുത കൺസൾട്ടന്റ് ഫൈനൽ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 6 കോസ്റ്റൽ ഷിപ്പിംഗ് മാനേജേഴ്സിനെ നിയമിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**